# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല – വരാപ്പുഴ ഗ്രാമപഞ്ചായത്ത് -സെന്റ് മേരീസ് എൽ.പി.എയ്ഡഡ് സ്കൂൾ - കെട്ടിടപുനർനിർമ്മാണം - കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019, ചട്ടം 3(4) (b) പ്രകാരം ചട്ടം 28(1) ലംഘനം - ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ)നം.203/2021/തസ്വഭവ തിരുവനന്തപുരം, തീയതി 25/01/2021**

---

പരാമർശം:- 1) മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം മുഖാന്തിരം ലഭിച്ച മാനേജർ, സെന്റ് മേരീസ് എൽ.പി.എയ്ഡഡ് സ്കൂളിന്റെ 04/02/2020 ലെ അപേക്ഷ.

2) സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 5/2/2020 ലെ എ 3-12159/19 നമ്പർ കത്ത്.

3) സീനിയർ ടൗൺ പ്ലാനർ, എറണാകുളത്തിന്റെ 5/3/2020 ലെ TCPEKM-173/2020/C നമ്പർ കത്ത്. .

4) മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരത്തിന്റെ 21/10/2020 ലെ TCPCTP-703/ 2020/C3 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ല, വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ സർവ്വേ നമ്പർ 278/1, 278/3, 278/6-ൽപ്പെട്ട 44.32 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിലവിലുള്ളതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ 337.50 ച.മീ. വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി 316.83 ച.മീ. വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടവും, 23.76 ച.മീ. വിസ്തീർണ്ണമുള്ള ടോയിലറ്റ് ബ്ലോക്കും (ആകെ 340.59 ച.മീ.) നിർമ്മിക്കുന്നതിനും, നിർമ്മാണം പൂർത്തിയാക്കിയ 21.84 ച.മീ. വിസ്തീർണ്ണമുള്ള അടുക്കളയുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ ചട്ടം 3(5) പ്രകാരം ഇളവ് അനുവദിക്കുന്നതിന് സെന്റ് മേരീസ് എൽ.പി. എയ്ഡഡ് സ്കൂൾ മാനേജരുടെ അപേക്ഷ പരാമർശം (1) കത്ത് മുഖാന്തിരം മുഖ്യനഗരാസൂത്രകൻ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. പരാമർശ നിർമ്മാണം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു പള്ളിയും, (603.5m²), parsonage ഉം (178.54 m²) ഉൾപ്പെടെ 782.04m² വിസ്തീർണ്ണം ഉള്ള നിർമ്മാണം ഉണ്ടെന്നും, നിർദ്ദിഷ്ടവും നിലവിലുള്ളതും ആയ നിർമ്മാണം മൊത്തം 1144.47m² ആണുള്ളതെന്നും, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019, ചട്ടം 28 (access width) പ്രകാരം സ്കൂൾ കെട്ടിടത്തിന് മാത്രം വഴി വീതി 3.6m മതിയെങ്കിലും ടി പ്ലോട്ടിൽ നിലവിലുള്ള D ഗണത്തിൽ (Assembly) ഉൾപ്പെടെ പള്ളി കെട്ടിടം കൂടി പരിഗണിയ്ക്കുമ്പോൾ ടി പ്ലോട്ടിലേയ്ക്കുള്ള റോഡിന് വീതി 7 മീറ്റർ ആവശ്യമാണെന്നും, നിലവിൽ 4.16 മീറ്റർ വീതിയാണ് ലഭ്യമാകുന്നതെന്നും, ഇത് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ചട്ടം 28(1) ന്റെ ലംഘനമാണെന്നും, പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ചട്ടം 3(4) (b) പ്രകാരം Construction of aided school by any individual or organisation ന്റെ നിർമ്മാണത്തിന് സർക്കാരിൽ നിന്ന് ഇളവിന്

അർഹതയുണ്ടെന്നും, നിർദ്ദിഷ്ട സ്കൂൾ നിർമ്മാണം പ്രളയത്തിൽ കേട്ടുപാടുകൾ സംഭവിച്ചതിനാലാണ് പുതുക്കി പണിയുന്നതെന്ന് കാണുന്നതിനാലും, നിലവിലുള്ള പൊളിച്ചുകളയാനുള്ള സ്കൂൾ കെട്ടിടത്തിന്റെ ഏതാണ്ട് അതേ വിസ്തീർണ്ണത്തിൽ തന്നെയുള്ള Aided Lower Primary സ്കൂളിന്റെ നിർമ്മാണം ആയതിനാലും ടി നിർമ്മാണത്തിന് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ചട്ടം 3(4) (b) പ്രകാരം സർക്കാരിൽ നിന്ന് ചട്ടം 28(1) (access width) ന്റെ ഇളവിന് പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത നിർമ്മാണത്തിന് മുഖ്യനഗരാസൂത്രകന്റെ കൺകറൻസിനും അപേക്ഷിച്ചിട്ടുള്ളതിനാൽ, സർക്കാരിൽ നിന്നും ഇളവ് ലഭിച്ച ശേഷം കൺകറൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ല, വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതും, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ Aided primary സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റി നിർമ്മിക്കുന്നതിന് കെട്ടിടനിർമ്മാണചട്ടങ്ങളിൽ നിന്ന് ഇളവ് ലഭിക്കുന്നതിനാണ് അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളത്. നിർദ്ദിഷ്ട സ്കൂൾ നിർമ്മാണം പ്രളയത്തിൽ കേട്ടുപാടുകൾ സംഭവിച്ചതിനാലാണ് പുതുക്കി പണിയുന്നത്. കൂടാതെ നിലവിലുള്ള പൊളിച്ചുകളയാനുള്ള സ്കൂൾ കെട്ടിടത്തിന്റെ ഏതാണ്ട് അതേ വിസ്തീർണ്ണത്തിൽ തന്നെയാണ് Aided Lower Primary സ്കൂളിന്റെ നിർമ്മാണം നടത്തുന്നത്. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ചട്ടം 28 (access width) പ്രകാരം സ്കൂൾ കെട്ടിടത്തിന് മാത്രം വഴി വീതി 3.6m മതിയെങ്കിലും ടി പ്ലോട്ടിൽ നിലവിലുള്ള D ഗണത്തിൽ (Assembly) ഉൾപ്പെടെ പള്ളി കെട്ടിടം കൂടി പരിഗണിയ്ക്കുമ്പോൾ ടി പ്ലോട്ടിലേയ്ക്കുള്ള റോഡിന് വീതി 7 മീറ്റർ ആവശ്യമാണ്. നിലവിൽ 4.16 മീറ്റർ വീതി മാത്രമാണ് ലഭ്യമാകുന്നത്. ഇത് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ചട്ടം 28(1) ന്റെ ലംഘനമാണ്. എന്നാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ചട്ടം 3(4) (b) പ്രകാരം Construction of aided school by any individual or organisation ന്റെ നിർമ്മാണത്തിന് ഇളവിന് അർഹതയുമുണ്ട്.

5. പ്രസ്തുത സാഹചര്യത്തിൽ, മുഖ്യനഗരാസൂത്രകന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ല, വരാപ്പുഴ ഗ്രാമപഞ്ചായത്ത്, സർവ്വേ നമ്പർ 278/1, 278/3, 278/6- ൽ പ്പെട്ട 44.32 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ നിലവിലുള്ളതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ Aided Primary School കെട്ടിടത്തിന്റെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019, ചട്ടം 3(4)(b) പ്രകാരം, ചട്ടം 28(1) ന്റെ ലംഘനത്തിന് ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സജുകുമാർ. എൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

മാനേജർ, സെന്റ് മേരീസ് എൽ.പി.എയ്ഡഡ് സ്കൂൾ,, മുട്ടിനകം, വരാപ്പുഴ, എറണാകുളം
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ, എറണാകുളം
സെക്രട്ടറി, വരാപ്പുഴ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്താനായി)
വെബ് & ന്യൂ മീഡിയ സെന്റർ, I& PRD
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ